LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് 14 ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട 35 ബ്ലോക്കുകളിലാണ് 2012-13-ൽ അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാണ് :

1. തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിന് പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ സേവനം അഗ്രോ സർവ്വീസ് സെന്ററിൽനിന്നും ലഭ്യമാക്കുന്നു.
2. യന്ത്രവൽക്കരണം നടപ്പിലാക്കുന്നതിന് യന്ത്രോപകരണങ്ങളും തൊഴിലാളികളെയും ലഭ്യമാക്കുന്നു.
3. കൃഷി ലാഭകരമാക്കുന്നതിന് ആവശ്യമായ വിവിധ സേവനങ്ങൾ, നടീൽ വസ്തുക്കൾ, മറ്റ് ഉൽപ്പാദന ഉപാധികൾ എന്നിവ ഒരു കേന്ദ്രത്തിൽ നിന്നും ലഭ്യമാകും.
4. ഫാം ക്ലിനിക്കുകൾ വഴി മണ്ണ് പരിശോധന, രോഗകീടങ്ങളുടെ സാന്നിദ്ധ്യം എന്നിവ പരിശോധിച്ച് പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ നിർദ്ദേശിക്കുന്നു.
5. കാർഷിക വായ്പ, വില നിലവാരം, വിപണനം, കാലാവസ്ഥാ വ്യതിയാനം എന്നിവ സംബന്ധിച്ച വിവരങ്ങളും വിവിധ സാങ്കേതിക ഉപയോഗങ്ങളും ലഭിക്കുന്നു.
6. കർഷകർക്ക് ആവശ്യമായ യന്ത്രസാമഗ്രികൾ വാടകയ്ക്ക് ലഭിക്കുന്നു. യന്ത്രങ്ങൾക്ക് റിപ്പയർ ജോലികളും ചെയ്തു കൊടുക്കും.

(ബി) കുത്തുപറമ്പ് (പാട്യം), ഇരിക്കൂർ (ശ്രീകണ്ഠപുരം), പയ്യന്നൂർ (കാങ്കോൽ) ബ്ലോക്കുകളിലായി 3 അഗ്രോ സർവ്വീസ് സെന്ററുകൾ കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്.

(സി) യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് 25 ലക്ഷം രൂപയും ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 7.0 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

അഗ്രോ സർവ്വീസ് സെന്ററുകൾ

146 (3117) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുവഴി എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കാൻ പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം എത്ര മാത്രം പ്രയോജനപ്പെട്ടും ; വിശദമാക്കുമോ ;

(ഡി) സംസ്ഥാനത്ത് ഇത്തരം എത്ര സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്

(ബി) 1. കർഷകന് ആവശ്യമായ വിവിധ സേവനങ്ങൾ ഈ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നു.

2. തൊഴിലാളി ക്ഷാമം പരിഹരിച്ച് യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

3. ഫാം ക്ലിനിക്കുകൾ വഴി മണ്ണ്, രോഗകീടങ്ങൾ എന്നിവ പരിശോധിച്ച് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകുന്നു.

4. കാർഷിക വാർത്ത, വില നിലവാര വിപണനം, കാലാവസ്ഥ വ്യതിയാനം എന്നിവ സംബന്ധിച്ച വിവരങ്ങളും വിവിധ സാങ്കേതിക ഉപദേശങ്ങളും കർഷകർക്ക് ലഭ്യമാക്കുന്നു.

5. കർഷകർക്ക് ആവശ്യമായ യന്ത്ര സാമഗ്രികൾ വാടകയ്ക്ക് ലഭ്യമാക്കുകയും അവയുടെ റിപ്പയർ ജോലികൾ ചെയ്തു കൊടുക്കുകയും ചെയ്യുന്നു.

6. കൃഷി അനുബന്ധ മേഖലകളിൽ യുവാക്കൾക്ക് താൽപ്പര്യവും പ്രാഗത്ഭ്യവും ഉറപ്പുവരുത്തി കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ആധുനിക വിവര സാങ്കേതിക സംവിധാനങ്ങളിലൂടെ കൃഷിക്കാരിലേക്കും അധികാരികളിലേയ്ക്കും എത്തിക്കുന്നു.

7. കൃഷി വകുപ്പിന്റെ വിവിധ പദ്ധതികൾ മുഖേനയുള്ള സഹായങ്ങൾ കൃഷിക്കാരിലേക്ക് ലഭ്യമാക്കുന്നതിന് സഹായിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്തെ കർഷകതൊഴിലാളി ക്ഷാമം പരിഹരിക്കുവാൻ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം കാര്യമായ പങ്ക് വഹിക്കുന്നു. നിലം ഒരുക്കൽ, മരുന്നുതളി, വിളവെടുപ്പ് എന്നീ കൃഷിപ്പണികൾക്ക് അഗ്രോ സർവ്വീസ് സെന്ററുകളിലെ അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നു. ഇതുവഴി തൊഴിലാളി ക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ സാധിക്കും. കൂടാതെ കൃഷിപ്പണിക്ക് ന്യായമായ വാടകയ്ക്ക് യന്ത്രങ്ങൾ നൽകിവരുന്നു.

(ഡി) സംസ്ഥാനത്ത് 14 ജില്ലകളിലായി 2012-13-ൽ ആരംഭിച്ച 35 അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

147 (3118) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം മണ്ഡലങ്ങളിലാണ് കൃഷിവകുപ്പ് അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചിട്ടുള്ളത് ;

(ബി) ഏതെല്ലാം അഗ്രോ സർവ്വീസ് സെന്ററുകളാണ് നാളിതുവരെ പ്രവൃത്തി ആരംഭിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2012-13-ൽ കൃഷി വകുപ്പ് 35 അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയിട്ടുണ്ട്. അഗ്രോ സർവ്വീസ് സെന്ററുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2012-13 ൽ ആരംഭിച്ച അഗ്രോ സർവ്വീസ് സെന്ററുകൾ എല്ലാം തന്നെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly